nbt.india

एकः सूते सकलम्

nbt.india

एकः सूते सकलम्

ISBN 978-81-237-8899-9

ആദ്യ പതിപ്പ് 2019

© കമലേഷ് മൊഹിന്ദ്ര, 1999

മലയാള പരിഭാഷ © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

Chunmun Finds Freedom (*English*)
Chunmun Swathantrathileykk (*Malayalam*)

**₹ 40.00**

പ്രസിദ്ധീകരണം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
നെഹ്റു ഭവൻ, 5 ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, ഫേസ് II
വസന്ത് കുഞ്ജ്, ന്യൂഡൽഹി 110 070

Website: www.nbtindia.gov.in

*നെഹ്റു ബാല പുസ്തകാലയം*

# ചുൻമുൻ സ്വാതന്ത്ര്യത്തിലേക്ക്

**കമലേഷ് മൊഹിന്ദ്ര**

ചിത്രീകരണം: **ആഷിഷ് സെൻഗുപ്ത**

വിവർത്തനം: **മേഴ്സി സാമുവൽ കാട്ടാക്കട**



nbt.india
एक: सूते सकलम्

**നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ**



nbt.india
एकः सूते सकलम्

സുമി ഒരു ദിവസം അവളുടെ അമ്മയുമായി ചുറ്റിക്കറങ്ങുകയായിരുന്നു. അതാ ഒരു കുഞ്ഞിക്കിളി അഴുക്കുചാലിൽ വീണു കിടക്കുന്നു.

“മമ്മീ നോക്കൂ! ഒരു കുഞ്ഞുപക്ഷി! അവളുടെ അമ്മ എവിടെയാണ്? അവളുടെ വീട് എവിടെയാണ്?” സുമി അമ്മയോടു ചോദിച്ചു.

അമ്മ മറുപടി പറയുന്നതിനു മുമ്പു തന്നെ, അവരുടെ ദുപ്പട്ടയിൽ പിടിച്ചു വലിച്ചുകൊണ്ട് സുമി പറഞ്ഞു: “പാവം കുഞ്ഞിക്കിളി, മമ്മീ നമുക്കവളെ നമ്മുടെ വീട്ടിലേയ്ക്കു കൊണ്ടുപോകാം. അവളില്ലാതെ നമ്മളിന്നു പോകില്ല!”

വളരെ ശ്രദ്ധയോടെ, സാവകാശം സുമിയുടെ അമ്മ ആ കിളിയെ പൊക്കിയെടുത്തു. തന്റെ തൂവാലകൊണ്ട് അവർ കിളിയെ പൊതിഞ്ഞു.

കിളിയുടെ കാലു പൊട്ടിയിട്ടുണ്ട്. അതുകൊണ്ട് എഴുന്നേറ്റു നിൽക്കാൻ അവൾക്കാവില്ല. കടുത്ത വേദന കാരണം കണ്ണുകൾ പോലും നേരെ തുറക്കാൻ പറ്റുന്നില്ല.

nbt.india
एकः सूते सकलम्



“കുച്ചൂ! കുച്ചൂ! കുഞ്ഞുകിളിയേ, നീ വിഷമിക്കണ്ട, ഞങ്ങൾ നിന്നെ നോക്കിക്കൊള്ളാം. നിനക്കു വേഗത്തിൽ സുഖമാകും.” സുമി അവളെ ആശ്വസിപ്പിച്ചു.


nbt.india
एक सूते सकलम्

വീട്ടിൽ എത്തിയതും തന്റെ ചേട്ടനോട് കാര്യങ്ങൾ പറയാനായി അവൾ ഓടി.

“രവീ, വേഗം വരൂ, ഞങ്ങൾ നല്ലൊരു കുഞ്ഞുപക്ഷിയെ കൊണ്ടുവന്നിട്ടുണ്ട്. അഴുക്കുചാലിൽനിന്നു പൊക്കിയെടുത്തതാണ്. മമ്മി സമ്മതിച്ചു. അവൾക്കു നമ്മോടൊപ്പം കഴിയാം.”



nbt.india
एकः सूते सकलम्

“സത്യമാണോ,” ആശ്ചര്യത്തോടെ ചോദിച്ചുകൊണ്ടു സുമിയുടെ അരികിലേക്ക് അവൻ ഓടിവന്നു.

“പാവം കുഞ്ഞിക്കിളി, അവളുടെ ഒരു കാൽ പൊട്ടിയിട്ടുണ്ട്,” കുഞ്ഞിക്കിളിയെ നോക്കിക്കൊണ്ടു രവി പറഞ്ഞു. “വേദന കൊണ്ട് അവളുടെ കണ്ണുകൾപോലും അടഞ്ഞിരിക്കുന്നു. കുഞ്ഞിക്കിളീ, നീ വിഷമിക്കേണ്ട. നിനക്കു വേഗം സുഖമാകും.”





nbt.india
एकः सूते सकलम्

കുഞ്ഞിക്കിളിയുടെ പൊട്ടിയ കാലു നിവർത്തുന്നതിനായി ഒരു തീപ്പെട്ടി ക്കോലുവെച്ച് അമ്മയുടെ സഹായത്തോടെ അവർ കെട്ടി. ഒരു ഫില്ലർ ഉപ യോഗിച്ചു കുറച്ചു വെള്ളം കുടിപ്പിച്ചു. പെട്ടെന്നുതന്നെ കുഞ്ഞിക്കിളിക്കു സുഖംതോന്നി, കണ്ണുകൾ തുറന്നു.

കുറച്ചു നേരത്തിനുശേഷം മൃദുലമായ ഒരു കിടക്ക കുഞ്ഞിക്കിളിക്കായി അവർ ഒരുക്കി. മെല്ലെ കുഞ്ഞിക്കിളിയെ അതിൽ കിടത്തിക്കൊണ്ട് സുമി പറഞ്ഞു.

“കുഞ്ഞിക്കിളിയേ ഉറങ്ങൂ!”

“സുഖമായി ഉറങ്ങൂ, കുഞ്ഞിക്കിളീ! നാളെ നമ്മൾ കാണുമ്പോൾ എപ്പോഴത്തേയും പോലെ നീ ചിലയ്ക്കും,” രവി പറഞ്ഞു.



തിരികെ കിടപ്പുമുറിയിൽ എത്തിയപ്പോൾ സുമി പരാതിപ്പെട്ടു, "ചേട്ടാ കുഞ്ഞിക്കിളി തന്റെ പേര് പറഞ്ഞില്ലല്ലോ."

രവി ചിരിക്കാൻ തുടങ്ങി, "അവൾ ഉറങ്ങിയിട്ടുണ്ടാവും. നീ അവൾക്കൊരു പേര് ആലോചിക്കാത്തതെന്താ?"


nbt.india
एकः सूते सकलम्

"എന്റെ മനസ്സിൽ രണ്ടുപേരുണ്ട്," വിരലുകൾ മടക്കിക്കൊണ്ടു സുമി പറഞ്ഞു.

"മുനിയ, ചുൻമുൻ!"

"ചുൻമുൻ ആണു നല്ലത്,"രവി പറഞ്ഞു. രണ്ടാളും ഉറങ്ങാനായി പോയി.

"സുമീ വേഗം എണീക്കൂ," രാവിലെ രവി സഹോദരിയെ വിളിച്ചുണർത്തി.

കണ്ണു തുറന്നപാടെ സുമി ചോദിച്ചു: "ചുൻമുൻ ഇപ്പോൾ സുഖമായിരിക്കുന്നോ? അവൾ കിടക്കയിൽനിന്ന് എണീറ്റോ?"



nbt.india
एकः सूते सकलम्



"ചുൻമുൻ കിടക്കയിൽ നിന്ന് എണീക്ക മാത്രമല്ല, അവൾ സ്വന്തം കാലിൽനിന്ന് വളരെ സന്തോഷത്തോടെ ചിലക്കുന്നുമുണ്ട്," രവി പറഞ്ഞു.

ഇതുകേട്ടതും സുമി ചിൻമുന്നിന് അരികിലേക്ക് ഓടി.

കിളി ചിലയ്ക്കുന്നുണ്ട്, അവരുടെ നായ ഗാബൂ വളരെ ശ്രദ്ധയോടെ അത് കേട്ടിരിക്കുന്നുണ്ട്.

ചിൻമുനും ഗാബുവും വളരെ വേഗത്തിൽ കൂട്ടുകാരായി.

ഗാബു അവൾക്ക് കാവൽ നിന്നു. തോട്ടക്കാരന്റെ വളർത്തു പൂച്ചയായ മനോയ്ക്കു പക്ഷികളെ തിന്നാൻ വലിയ ഇഷ്ടമായിരുന്നു. എപ്പോഴൊക്കെ ചിൻമുന്റെ അരികിലെത്താൻ മനോ ശ്രമിക്കുന്നോ അപ്പോഴെല്ലാം ഒരു മുന്നറിയിപ്പ് എന്ന പോലെ ഗാബു കുരയ്ക്കാൻ തുടങ്ങും. "നിനക്ക് ഇങ്ങോട്ട് കടക്കാൻ ആവില്ല. വേഗം ഇവിടെനിന്ന് ഓടിപ്പോ അല്ലെങ്കിൽ...! ചിൻമുൻ ഞങ്ങളുടേതാണ്."

nbt.india
एक: सूते सकलम्





മനോ പേടിച്ച് അവിടെനിന്നും ഓടിപ്പോകും. ചുൻ
മുൻ ഉറക്കെ ശബ്ദിച്ചു ഗാബുവിനു നന്ദി പറയും.



കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ചുൻമുന് സുഖമായി. രവിയും സുമിയും അവളുടെ കാലിൽനിന്നു തീപ്പെട്ടിക്കോലു മാറ്റാൻ തീരുമാനിച്ചു. അവൾ സ്വന്തം കാലിൽ ചാടിച്ചാടി നടക്കാൻ തുടങ്ങി. ചിലപ്പോഴൊക്കെ അവൾ ഗാബുവിന്റെ പുറത്തുകയറി ഉല്ലാസയാത്രയും നടത്തും.

രവിയോ സുമിയോ കുളിക്കുന്നതു കണ്ടാൽ അന്നേരം അവൾക്കും കുളിക്കണം. വെള്ളത്തിൽ മുങ്ങിക്കിടക്കുന്നത് അവൾക്ക് വലിയ ഇഷ്ടമാണ്. കുളികഴിഞ്ഞാൽ ആഹ്ലാദത്തോടെ അവൾ തന്റെ നനഞ്ഞ ചിറകുകൾ അടിക്കും.



nbt.india
एकः सूते सकलम्

കുറച്ചുനാൾ കൂടെ കഴിഞ്ഞപ്പോൾ അവൾക്ക് വീട്ടിനുള്ളിൽ അല്പം പറക്കാമെന്നായി.

ഒരു ദിവസം രവിയും സുമിയും ചുൻമുനെ പുറത്തുള്ള ഒരു തോട്ടത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ഗാബുവും കൂടെ വന്നു. ചുൻമുന് സന്തോഷമായി. മരങ്ങളും ഇലകളും പൂക്കളുമെല്ലാം അവൾക്കിഷ്ടമായി. അവൾ ചിലച്ച്, ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു ചാടിയും നൃത്തംവെച്ചും സന്തോഷിച്ചു. ഗാബുവിന്റെ ഒരു കണ്ണ് എപ്പോഴും ആ പൂച്ചയുടെ മേൽ ഉണ്ടായിരുന്നു. ക്രമേണ ചുൻമുൻ കൂടുതൽ സമയം തോട്ടത്തിൽ ചെലവഴിക്കാൻ തുടങ്ങി. ചിലപ്പോഴൊക്കെ ഗാബു അവളെ വീട്ടിലേക്കു ചുമലിലേറ്റി തിരിച്ചു കൊണ്ടുവരും.



nbt.india
एकः सूते सकलम्



ഒരേ പാത്രത്തിൽനിന്ന് അവർ ആഹാരം കഴിച്ചു. ഒരുമിച്ചു ചെലവഴിക്കുന്ന ഓരോ നിമിഷവും അവർ ആസ്വദിച്ചു.

ക്രമേണ ചുൻമുൻ തന്റെ ആരോഗ്യം വീണ്ടെടുത്തു. അവൾ ഉയരങ്ങളിലേക്കു പറക്കാൻ തുടങ്ങി. മനോ പൂച്ചയ്ക്കു പിടിക്കാൻ പറ്റാത്ത ഇടങ്ങളിലായി ചുൻമുൻ. മരങ്ങളിൽ ഇരുന്ന് ഉറങ്ങാൻ അവൾ ആരംഭിച്ചു. രവിയെയും സുമിയെയും കാണമെന്നു തോന്നുമ്പോഴൊക്കെ വീട്ടിലേക്കു പറന്നെത്തി അവൾ ഉറക്കെ ചിലയ്ക്കും. സുമിയുടെയും രവിയുടെയും തോളിൽ ഇരിക്കാൻ, അവൾക്ക് ഏറെ ഇഷ്ടമാണ്. ചിലപ്പോഴൊക്കെ ഗാബുവിന്റെയും പുറത്തു കയറി സൗഹൃദം പ്രകടിപ്പിക്കും.

nbt.india
एकः सूत्रे सकलम्



സുമിയും രവിയും ഏറെ സന്തുഷ്ടരാണ്. ചുൻമുനും സന്തോഷത്തിലാണ്. അവൾക്കു കൂടുതൽ ഉയരങ്ങളിൽ പറക്കാനാകും. കുട്ടികൾ അവൾക്കു റൊട്ടിപ്പൊടികൾ തിന്നാനായി നൽകുമ്പോൾ അവരോടിങ്ങനെ പറയുന്നതുപോലെ അവൾ ഉറക്കെ ഉറക്കെ ചിലക്കും.

“എനിക്കു സുഖമാണ്, എനിക്കു പറക്കാം, ഞാൻ സ്വതന്ത്രയാണ്.”



nbt.india
एकः सूते सकलम्

nbt.india

एकः सूते सकलम्

Printed at: Royal Offset Printers, New Delhi